# സ്പന്ദനം 2020

## ബി. വി. എം. എച്ച്. എസ്.

## കൽപറമ്പ്



# EDITORIAL

കാലിടറാതെ കടന്നുപോയ കാലത്തിന്റെ നിഴൽ പതിഞ്ഞ ഇടനാഴികളിൽ എത്ര തലമുറയുടെ പദവിന്യാസം കേൾക്കാനാകുന്നു!!!പലവട്ടം ചായം തേച്ചിട്ടും മാഞ്ഞൊടുങ്ങാതെ ചുവരുകളിൽ തെളിഞ്ഞെത്രയോ സ്വപ്നങ്ങൾ കാണുന്നു.!!

ഈ വിദ്യാക്ഷേത്രത്തിന്റെ ദളങ്ങളിൽ ബാല്യകൗമാരങ്ങൾ നേദിച്ച് ജീവിതവിഹായസ്സിൽ അഭിരമിക്കുന്നവരെത്രയെത്ര.......ജീവിതയാനം പൂർത്തിയാക്കിയവരെത്രയെത്ര............

എല്ലാ സ്മരണകളേയും ആവാഹിച്ചൊതുക്കിയ പേടകത്തിന്റെ താക്കോൽ സുഷിരമാണീ മാഗസിൻ. എല്ലാം മാറിക്കഴിയുമ്പോഴും അവിസ്മരണീയമായൊരു തേജോസ്തംഭമായി മാറിക്കഴിഞ്ഞ ഈ വിദ്യാനികേതനത്തിന്റെ ആദ്യ ശിലാസ്ഥാപനം മുതൽ നാളിതുവരെയുള്ള ഗതിവിഗതികളിൽ സാക്ഷരസുകൃതത്തിന്റെ കാവൽക്കാരായി വർത്തിച്ച അധ്യാപകരേയും വിഭ്രമങ്ങളിലും വികല്പങ്ങളിലും വിജയാലുക്കളായി ഭവിച്ച പൂർവ്വസൂരികളേയും കൃതജ്ഞതയോടെ ചേർത്തുനിർത്തുന്നു. ജീവിതവഴികളിൽ വെളിച്ചവും തെളിച്ചവുമായവർക്ക് ഭാവുകങ്ങൾ നേരുന്നു ഇനിയും ഈ വഴി വരാനിരിക്കുന്ന തലമുറകൾക്ക് സാത്മനാ സ്വാഗതമോതുന്നു.

ഈ മാഗസിന് കൊക്കും ചിറകും സാഫല്യമാക്കിയ സുമനസ്സുകൾക്ക്.......... ആർദ്രമായ വരകൾക്ക്........ വർണ്ണങ്ങൾക്ക് നന്ദി. ഏഴരപതിറ്റാണ്ടിനു മുമ്പ് പ്രതിധ്വനിച്ചൊരു നേരൊച്ച കാലങ്ങളോളം......... കാതങ്ങളോളം............ നിലകൊള്ളട്ടെയെന്ന്

ആശംസകളോടെ..

ദിവ്യ ജോസഫ്


ചീഫ് എഡിറ്റർ

ലോകത്തിൻെറ വെളിച്ചമാണ് പുസ്തകങ്ങൾ.
മനുഷ്യസംസ്കാരത്തിൻെറ ദീപശിഖകൾ .
ഈ വെളിച്ചം ഉൾക്കൊണ്ടു വേണം കുട്ടികൾ വളരാൻ .

വായനാശീലം ചെറുപ്പത്തിലെ വളർത്തണം. ഏഴാം ക്ലാസിലെ കുട്ടികൾ തയ്യാറാക്കിയ കൈയ്യെഴുത്തു മാസിക വായിച്ചു രസിക്കാനും , ചിന്തിക്കാനും സാധിക്കുന്ന കഥകളും , നാടൻ പാട്ടുകളും , ബഹു വർണ്ണചിത്രങ്ങളും കൊണ്ട് സമ്പന്നവും കുട്ടികളെ ഏറെ ആകർഷിക്കാൻ ഉതകുന്നതുമാണ്. വിഷയത്തിലും ഭാഷാശൈലിയിലും വ്യത്യസ്തത പുലർത്തുന്നതും ശാസ്ത്രീയമായ ഭാഷാബോധനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒട്ടേറെ വിഭവങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ മാസിക നിങ്ങളുടെ വായനാശീലം വളർത്താനുള്ള പ്രോത്സാഹനമാകട്ടെ . ഔന്നത്യത്തിൻെറ പടവുകൾ ചവിട്ടി കയറിയ മഹാൻമാരുടെ വിജയരഹസ്യം നിരന്തരമായ കഠിനധ്യാനവും , വായനാശീലവുമാണെന്ന കാര്യം മറക്കരുതേ.

ഈ മാസിക തയ്യാറാക്കാൻ സഹകരിച്ച എല്ലാവർക്കും ഹൃദയപൂർവം എൻെറ അഭിനന്ദനങ്ങൾ നേരുന്നു.ഈ മാസിക നിങ്ങളുടെ ബാല മനസ്സുകളിൽ സദ്ഗുണങ്ങളും സർഗഭാവതയും വളർത്താൻ സഹായകമാവട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവം
അയന വിനോദ്




# *Success is a journey not a destination*


*There is no thing as sweet as success. Behind all human efforts there lies a hope for success. This hope generates and directs human energy. Success is not*

*final failure is not fatal it is the courage to continue that counts. It is often said that success occurs when preparation meets opportunity and opportunity undoubtedly presents themselves with time. A major aspect οφ success equation has to do with being good to yourselves treating yourself with kindness and encouragement along your life journey. Its important to celebrate all victories large and small on the journey towards fulfilling your dreams. It all beings with recognizing that you are successful individual right now . Keep moving and keep motivating yourself to work hard towards the life that you have always imagined living success has to do with being true to who you are and how you choose to respond to every circumstance that occurs in your life .*

*Successes may be described has the realization of an aim when a man is engaged in any serious work there is 'present' at the back of his mind and an aim which he try to attain – when the means are adequate for realizing his aim , he attains success .*

# ഐക്യമത്യം മഹാബലം

ചെമ്പകവനം എന്നുപേരുള്ള ഒരു വനത്തിൽ ധാരാളം പക്ഷികളും മൃഗങ്ങളും ജിവിച്ചിരുന്നു. ആ വനത്തിൽ ഒരു കുളമുണ്ടായുരുന്നു.




മത്സ്യങ്ങളുടെയോപ്പം ഒരു ആമയും ആ കുളത്തിൽ സുഖമായി ജീവിച്ചുവന്നു. അടുത്തുള്ള ഒരു മാനും കുളത്തിന രികെയുള്ള ആൽമരത്തിൽ കൂടുകെട്ടി താമസിച്ചിരുന്നു.

ഒരു കാക്കയുമായി ആമ ചങ്ങാതത്തിലായി. ഒരിക്കൽ ഒരു മുക്കവൻ ആ കുളത്തിൽ മീൻ പിടിക്കാനായി വല വീശി. നിർഭാഗ്യവശാൽ ആമ ആ വലയിൽ പെട്ടു. കാക്കയും മാനും തങ്ങളുടെ ചങ്ങാതി വലയിൽ പെട്ടത് കണ്ടു. കൂട്ടുകാരനെ രക്ഷിക്കാൻ അവർ ഒരു പദ്ധതി തയ്യാറാക്കി. മുക്കവൻ വരുന്ന വഴിയിൽ മാൻ ചത്തുപോലെ കിടന്നു. കാക്ക മാനിൻെ മുകളിലിരുന്ന് ചത്തമൃഗത്തിനെ കൊത്തുന്നതുപോലെ കൊത്തികൊണ്ടിരുന്നു. മാൻ ചത്തു കിടക്കുകയാണെന്നു വിച്ചാരിച് മുക്കുവൻ ആമയുള്ള സഞ്ചി താഴെ വച്ച് മാനിനെ പിടിക്കാനായി വരുന്ന തക്കത്തിൽ ആമ സഞ്ചിയിൽ നിന്ന് ചാടി കുളത്തിലൊളിച്ചു. കാക്ക സൂചന കൊടുത്തപ്പോൾ  മാനും കാട്ടിലെക്ക് ഓടി രക്ഷപ്പെട്ടു. കാക്ക പറന്ന് മരത്തിലിരുന്നു. മാനും കാക്കയും തന്റെ കൂട്ടുകാരനെ രക്ഷിച്ചത്  കണ്ടില്ലെ .

ഐക്യമത്യം മഹാബലം

## കൂട്ടുക്കാരെ തെരെഞ്ഞെടുക്കുബോൾ ഒരു കാര്യം ഓർക്കുക – ബുദ്ധിമാൻന്മാരെ വെണം തെരെഞ്ഞെടുക്കാൻ

# ANTI DRUGS




He was looking at me. But I don’t know who is that. His gaze was always at me. It made me disturbed. I asked to my soul again and again. Who is that man?. Did you know him?. But I don’ t get any answer When I entered this bus , he was always watching at me . At last I come forward and asked to him . Who are you?. Did you know me ?. He looks like a gentleman. When I asked that , he smiled at me and he asked Sir , can’t you understand me? . I can’t remember you? . But I know there is a small relationship between us he replied. I am dineesh your patient . When I was in Snehagiri dedication center you were my physiotherapist . You are my life savior because your treatment, your advice changed my life totally … Thank you sir, Thank you very much. Oh….. Dhineesh I know you ,he replied . When you didn’t saved me from that bad friendship I can’t get this beautiful life. Now I am very happy with

my family . After your treatment I didn’t use that again. I saw your rally against drugs in mobile phone. Now I am a social worker. I have a dedication center in Mumbai. You are my role model. You are not only a life saviour of mine but also the whole youth. Now I realised that ,to save the youth from severe alcoholic adiction is our duty

SAY




NO

TO

DRUGS

# ***Geometrical song***

*Geometry,  geometry,*
*Gives  us all our shapes you see...*
*Circles, squares  prisms spheres,*
*Shapes  that look like rabbit ears…*

*Shapes  of grapes and apes and apes*
*Hiding out behind the drapes,*
*Time to make a great escape,*
*When shapes are forming into apes...*

*Geometry, geometry,*
*Gives us all our shaes you see,*
*Circles, square, prisms, spheres,*
*Shapes that  look like rabbit  ears...*

*Shapes of  scrapes,*
*Shapes of  plates,*
*Naming, using,*
*All those shapes,*

*Circles, squares, polygons,*
*And  all the shapes you ever drawn ….*
And octagons,
And septagons,

And nonagons,
All those gons,
Now they’re gone!

Rhombus,Circle,trapezoid,
Shapes we use to fill a void,
Oval, cubes and triangle,
Don’t forget the rectangle!

Gives us all our shape you see…..
Circle,Squares,Prisms,Sphere,
Shapes that look live rabbit ears….
Angles,curves,diamond,swerves,


Shapes often do observe,
Make me dizzy,
Make me sigh,
Geometry’s one busy guy!!!


circles squares prisms spheres
Shapes that look like rabbit ears…
Hexagon pentogons ,polygons
And octagons

And septagons
And nonagons
All those gons,
*Now they’re gone!*

Rhombus, circle,trapezoid,
Shapes we use to fill a void,
Oval, cubes, and triangle,
Don’t forget the rectangle!

Spiral, angle, cone, star, wedge,
Even shapes that have no edge,
Pyramid, parallelogram
Geometry is who I am!





# journey

*The weather of life is so ironic*
*If will be so difficult*
*Life is full of worries*
*But some time there is happiness*
*Our life was an endless journey*


*Life was a drama*
*If begins with curtain up*
*If ends with curtain down*

*Life is a battle field*
*The climate of life was not suitable*
*It's like good or bad*
*God or devil*
*Happiness or sorrow*

*In our life past's is our lessons*
*Present is our gift future is*
*Our motivation*
*In our life war we have to*
*Regret our lost kingdom piece*

# Golden number and renaissance

what makes a single number so interesting that ancient Greeks renaissance artists a 17th century astronomer and a 21st century novelist all would write about it its a number that goes by many names this golden number 1.61803399 represented by the Greek letter phi is known as the Golden ratio Golden number. Golden



proportion. Golden mean Golden section divine proportion and Divine proportion and divine section it was written about by Euclid in elements around 300 B.C by Luca Pacoili a contemporary of Leonardo Da Vinci in De Divine proportion in 1509 by Johannes Kepler around 1600 and by Dan Brown in 2003 in his best selling novel the Da vinci code the quest to known phi was brought even more into the mainstream of pop culture.

The allure of the Da Vinci code was that it creatively integrated fiction with both fact and myth from art history theology and mathematics leaving the reading never really knowing what was truth

# അറിയാമോ?

ഋതുക്കളുടെ കവി - ചെറുശ്ശേരി

നിളയുടെ കവി - പി.കുഞ്ഞിരാമൻനായർ

ഗാനഗന്ധർവനായ കവി - ചങ്ങമ്പുഴ

വിപ്ലവ കവി - വയലാർ രാമവർമ്മ

ശബ്ദസുന്ദരൻ – വള്ളത്തോൾ

ശബ്ദാഢ്യൻ – ഉള്ളൂർ

സ്നേഹഗായകൻ – കുമാരനാശാൻ

ജനകീയ കവി - കുഞ്ചൻ നമ്പ്യാർ


വാത്സല്യത്തിന്റെ കവി - ബാലാമണിയമ്മ

ദാർശനിക കവി - ജി.ശങ്കരക്കുറുപ്പ്

ശക്തിയുടെ കവി - ഇടശ്ശേരി ഗോവിന്ദൻനായർ

കാച്ചികുറുക്കിയ കവി - വൈലോപ്പിള്ളി ശ്രീധരൻമേനോൻ


സരസ കവി - കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ



# *LIFE*

Life is a roller coaster because it has many ups and downs.
In life there isn't always happiness or sadness.
Just like seasons, happiness and sadness will come and go in our life.
We shouldn't waste time unnecessarily.
There is always a time for everything in our life
so, we should show patience and wait for each and everything.

Grave is not the destination of our life.
Neither success nor failure.
The aim of our life should be to spend
every fractions of time more
meaningfully and effectively.
We should always learn to take
care of our thoughts when we
are alone and take care of our words.
When we are with aid that 'Past is history',
future is mystery,
but now is a gift because
that is why it is called the present.



Always believe in a almighty and our
own abilities and aim for the moon if you miss of,
you may hit a star.
Life is to express yourself,
not to impress others.
Be big enough toadmit mistakes,
smart enough to profit them,
strong enough to correct them,
move on... & grow strong...
May be heaven is where you are
right now!

# Spiral Leaf Growth



This interesting behaviour is not just found in sunflower seeds.

Leaves , branches and petals can grown in spirals, too.

Why? So that new leaves don't block the sun from older leaves or so that the maximum amount of rain or dew gets direction down to the roots.

In fact, when a plant has spirals the rotation tends to be a fraction made with two successive[one after the other] fibonacci numbers,

for example;

.A half rotation is 1/2 [1 and 2 are fibonacci Numbers]

.3/5 is also common [both fibonacci Numbers],

.5/8 also [you guessed it!]

all getting closer and closer to the Golden Ratio.

And that is why fibonacci Numbers are very common in plants.





# THE BIRD

*Once there was a bird who was a mother of two young bird . They were living in a tree . Which was going to fall. All the other birds leaved that tree, but this bird was not ready to leave from that tree. She told it was a sin to leave from that tree. Beacause that give them shelter in the winter season ,and in the rainy season . All the other birds thought that she was mad . One day a sage walked through that place and saw this tree and the four birds. He told was it is very dangerous to live in this tree and told them to leave from that tree . But the bird denied the sage's words and told that it was a sin to leave from the tree who gave them shelter .the sage knew the kindness and love*

*of the birds towards the tree . The sage told that the tree will come back to orginal and all the greenary will comeback . Become happy and all the happiness came back . All the birds returned to that tree and lived happily.*

*Advaith.M.Varma.*

# *A friend in need*

A good friend
Is always there,
Whether you need advice
Or a good inspirational talk ,
Or even a shoulder to learn on

A best friend
Listens your sorrows with his or her heart
And is always with you
Even though the truth may not be
What you want to hear

A good friend
Knows all your secrets,
And understand all your fears,
Share your dreams ,
And, Tease each other.

A good friend
Never stops believing in you
Even if you give up on yourself

Friendship is about giving and sharing
Friendship is faithful and loyal.
Good friends are like stars
Whose words always shine in our minds.



# My prayer

she passes me on the street
In rugged and unfit cloths
valid the innovent face
By her tangled hair
A girl of five or six
Roming the street
with am empty belly

I walked away with a deep sigh
Nothing to say ,like anyone
confired to myself ,as if
some busy works to finish
suddenly a voice from within struck me
That remineded me the devine love
when I liston ,it grows stronger

No language can expose
The terrible lonelines in her pale eyes

Non can fathom
The depth of the acute alone
on her innocent face
But I can beacause a mother understands
what a child doesn’t say
I don’t know this poor unlucky girl
who makes me restless but sure-
she- the greate ocean of pain
sukked down everything
That added at my eggo
now I feel the burning of
‘Mother’ s love in my heart
to the!oh loard !the great creator
this is my prayer
give me nothing,but a currageous heart
and bold voice ,
to raise a child to life ,and
to know ,this is the greatest thing
a mother can never do

# അവസാന യാത്ര

എന്തൊരു മഴയാണ് ! ……. രാവിലെ തുടങ്ങിയതാണീ മഴ. കറന്റില്ല. വിളക്കിന്റെ ചെറിയ വെളിച്ചത്തിൽ ഞാനും കുഞ്ഞും ഭക്ഷണം കഴിച്ചു. തുറന്നുകിടന്ന ജനൽപാളിയിലൂടെ ഒരു നിമിഷം നോക്കി. വെളിച്ചമില്ലാത്ത വീടുകൾ രാത്രിയുടെ ഭയാനകത കൂട്ടുന്നു. ഞാനും കുഞ്ഞും ഉറങ്ങാൻ കിടന്നു. എന്തോ ഒരു അപകടം വരാൻ ഇനി ഇവിടെ നിന്നാൽ അപകടമാണ്…. പറയുന്നതുകേൾക്കു. . .. ഈ വഞ്ചിയിലേക്ക് കയറൂ. ! ഇതെവരെ ഞാനയാളെ കണ്ടിട്ടില്ല. കുഞ്ഞിനേയും തോളിലിട്ട് ഞാൻ വിടിന് പുറത്തിറങ്ങി. ആടുന്ന വഞ്ചിയിലേക്ക് കയറാൻ ആദ്യം ഒന്ന് ഭയപ്പെട്ടു , ധൈര്യം സംഭരിച്ച് കയറി. ഞാൻ താമസിക്കുന്ന വീട് എന്നിൽ നിന്നും പതിയെ മെല്ലെ മറഞ്ഞു. വെള്ളത്തിന്റെ വേഗതയും ഇരുട്ടിന്റെ ഭയാനകതയും എന്നെ പേടിപ്പിച്ചു. രക്ഷപ്പെടാനുള്ള മനുഷ്യന്റെ പാച്ചിൽ എന്റെ മനസ്സിനെ വല്ലാതെ തളർത്തി. പെട്ടെന്ന് ഒരു മരം ഞങ്ങളുടെ മുകളിലേക്ക് വീഴുന്ന ദൃശ്യം കണ്ട് അലറാനെ എനിക്ക് കഴിഞ്ഞുള്ളൂ. കണ്ണുതുറന്നപ്പോൾ ഞാൻ ആശുപത്രിയിൽ ആണ് കൈകൊണ്ട് ഞാൻ കട്ടിലിൽ തപ്പിനോക്കി കുഞ്ഞിനെ കാണാനില്ല അവിടെ നിന്ന നേഴ്സിനോട് എന്റെ കുഞ്ഞിനെ ചോദിയിച്ചു അവർ ഒന്നും മിണ്ടിയില്ല ഒരുപാട് നേരം അവരോട് ചോദിചോദിച്ചെങ്കിലും അവര് ഒന്നും മിണ്ടിയില്ല. ഒരുപാട് നേരം അവരോട് ചോദിച്ചെങ്കിലും ആരും എന്നോട് ഒന്നും പറഞ്ഞില്ല അരിശം തോന്നിയ ഞാൻ ഉച്ചത്തിൽ നേഴ്സിനോട് ചോദിച്ചു നേഴ്സിന്റെ ആ മൗനം എനിക്കെല്ലാം

മനസ്സിലാക്കി തന്നു. കുറേ നേരം കരഞ്ഞു സങ്കടം തീരുന്നതുവരെ കരഞ്ഞു. തന്റെ കുഞ്ഞും താനുമായുള്ള അവസാന യാത്രയായിരുന്നു അത് എന്നവൾ മനസ്സിലാക്കി ആരും അവളെ സമാധാനിപ്പിക്കാൻ വന്നില്ല. നെഞ്ചുതല്ലി അവൾ പൊട്ടിക്കരഞ്ഞു. അവളുടെ മനസ്സ്  ചില്ലുചിതറുന്നതുപോലെ ചിതറി ഒരു ഭ്രാന്തിയേപ്പോലെ അവൾ കരഞ്ഞു അല്ലെങ്കിലും കുഞ്ഞിനെ നഷ്ടപ്പെട്ട ഒരമ്മയുടെ വിഷമം എന്നു തീരാനാണ്.

മരണം ഒരവസാനയാത്രയാണെന്ന് അവൾ മനസ്സിലാക്കി.



# <u>ഉപായം</u>



കുട്ടിത്തവളയ്ക്ക് പത്തു മക്കളുണ്ടായിരുന്നു. അതിൽ മൂന്നു പേർ ജീവിച്ചിരിപ്പുള്ളൂ. ഏഴുപേരേയും സ്നേഹം നടിച്ച് അടുത്തു കൂടിയ നീർക്കോലിരാമൻ പലപ്പോഴായി വിഴുങ്ങി വിശപ്പു മാറ്റി. ഇതൊന്നും കുട്ടിത്തവള അറിഞ്ഞിരുന്നില്ല. കുറെനാൾ കഴിഞ്ഞ് ഈ

വിവരം മാടത്തക്കിളി പറഞ്ഞപ്പോൾ കുട്ടിത്തവളയ്ക്കു സങ്കടം സഹിക്കാനായില്ല. നീർക്കോലി തന്നെക്കാൾ ശക്തനാണ്. അതിനാൽ അവനോട് പകരം വീട്ടാൻ കുട്ടത്തവള ഒരുമ്പെട്ടില്ല. കുട്ടിത്തവളയുടെ ദുഖം കണ്ട് മനസ്സലിഞ്ഞ മാടത്തിക്കിളി പറഞ്ഞു . കുട്ടിത്തവളേ,നീർക്കോലി രാമനെ വിശ്വസിച്ചാൽ നിന്റെ ബാക്കിയുള്ള മക്കളും ശേഷിക്കില്ല. ഇനിയുള്ളവരേയും അവൻ ഇരയാക്കും. എനിക്കെന്തു ചെയ്യാനാകും മാടത്തേ . കുട്ടവള തന്റെ നിസ്സഹായത വെളിപ്പെടുത്തി. നീ നോക്കിക്കോ , നിനക്കു വേണ്ടി ആ നീർക്കോലിയെ ഞാൻ ഇവിടെ നിന്നും പറ പറപ്പിക്കും. മാടത്തക്കിളി ആവേശത്തോടെ പറഞ്ഞു .

ഒരു ദിവസം നീർക്കോലി ഇഴഞ്ഞു പോകുന്നത് മരക്കൊമ്പിലിരുന്ന മാടത്തക്കിളി കണ്ടു. അവൾ വിളിച്ചു പറഞ്ഞു
നീർക്കോലി ചേട്ടാ, തവള വർഗം തീരാറായി . ഇവിടെ ഇനിയുള്ളവരേയും വയറ്റിലാക്കിയാൽ തവളകളെ കിട്ടാതെ ചേട്ടൻ പട്ടിണി കിടന്ന് ചത്തു പോകും. മാടത്തക്കിളി പറഞ്ഞത് ശരിയാണെന്ന് നീർക്കോലിക്കും തോന്നി. അവൻ ചോദിച്ചു. പിന്നെ ഞാനെന്തു ചെയ്യണം മാടത്തേ ? പട്ടിണി കിടന്നു ചാവണമെന്നാണോ നീ പറയുന്നത് ?. ചേട്ടൻ ചാവാനൊന്നും പോകുന്നില്ല . വലിയൊരു തവളയെ ഞാൻ കണ്ടു വച്ചിട്ടുണ്ട്. അതിനെ വിഴുങ്ങിയാൽ പിന്നെ ഒരു മാസത്തേക്ക് ചേട്ടന് ഭക്ഷണം വേണ്ടേ വേണ്ട . നീർക്കോലി രാമന് സന്തോഷമായി. അവൻ വളഞ്ഞ് പുളഞ്ഞ് കൊണ്ട് ചോദിച്ചു. വേഗം പറയൂ മാടത്തേ എവിടെ ആ വമ്പൻ തവള ? . ഒരൊറ്റ പിടുത്തത്തിന് ഞാനവനെ

വയറ്റിലാക്കും . വേഗം കാണിച്ചു താ അവനെ . മാടത്ത പറഞ്ഞു. എന്റെ പിന്നാലെവാ. പതുക്കെ വാ കാണച്ചു തരാം. മാടത്തക്കിളി താഴ്ന്നു പറന്നു. താഴെ നീർക്കോലി രാമൻ മാടത്തക്കിളിക്കൊപ്പം ഇഴഞ്ഞു. ഒരു വൻമരത്തിന്റെ കടയ്ക്കൽ കണ്ട മാളത്തിലേക്ക് ചൂണ്ടി മാടത്തക്കിളി പറഞ്ഞു . ദാ അതിലുണ്ട് .അകത്തേക്കു കയറി പിടിച്ചെടുത്തു കൊണ്ടു വാ . പറയേണ്ട താമസം നീർക്കോലി രാമൻ മാളത്തിലേക്ക് ഓടി കയറി. അൽപ്പം സമയം കഴിഞ്ഞപ്പോൾ ഒരു കീരി നീർക്കോലിയേയും കൊണ്ട് മാളത്തിൽ നിന്നും പുറത്തു ചാടി. ഇതു കണ്ട് മാടത്തക്കിളി പൊട്ടി ചിലച്ചു. അപ്പോൾ കുട്ടിത്തവളയ്ക്കും സന്തോഷമായി.

# ഒരു കഥയും ഒരു രഹസ്യവും

ഒരിക്കൽ അവർകുതിരപ്പുറത്ത്സഞ്ചരിക്കുകയായിരുന്നു. ഉണങ്ങിവരണ്ട ഒരു നദി കടക്കുകയായിരുന്നു."നിൽക്ക്" എവിടെ നിന്നോ ഒരു ആജ്ഞ. അതുകേട്ട് അവർ ഞെട്ടി നിന്നു. നിലത്തിറങ്ങ് കൈകളിൽ പറ്റാവുന്നത്ര കല്ലുകൾ വാരി പോക്കറ്റിലിട്ട് പോകൂ. രാത്രിയായിരുന്നു. നിലാവുണ്ടായിരുന്നു.അവർ കുതിരപ്പുറത്തുനിന്നും താഴെയിറി ചിലർ ഒരു കൈ നിറയെ കല്ലുകൾ വാരി പോക്കറ്റിലിട്ടു. ചിലർ ഇരു കൈകളിലും നിറയെ വാരി പോക്കറ്റിലിട്ടു. ചിലർ ഏതാനും കല്ലുകൾ മാത്രമെടുത്തു പോക്കറ്റിലിട്ടു.ചിലർ കല്ലുകൾകണ്ടിട്ടും തൊട്ടിടും എടുക്കാതെ കൈകൾ മാത്രം പോക്കററിലിട്ടു.''പോയി കിടന്നുറങ്ങൂ നേരം വെളുക്കുമ്പോൾ നിങ്ങൾ സന്തോഷിക്കും.സങ്കടപ്പെട്ടുകയും ചെയ്യും" വീണ്ടും ഒഴുകി വന്ന ശബ്ദം.അവർ അനുസരിച്ചു.കുതിരപ്പുറത്തു കയറിപ്പോയി.പാതിരാത്രി അവർ അവരവരുടെ വീടുകളിലെത്തി.വസ്ത്രംപോലും മാറാതെ തളർന്നു കിടന്നുറങ്ങി.എന്തത്ഭുതം! രാവിലെ ഉണർന്നു പോക്കറ്റിൽ കൈയിട്ടു നോക്കിയപ്പോൾ എന്താണു കണ്ടതന്നോ കല്ലുകൾ മുഴുവൻ രത്നങ്ങളായി മാറിയിരിക്കുന്നു.അതുകണ്ട് അവർ സന്തോഷിച്ചു.കുറച്ചു കല്ലുകൾ മാത്രമെടുത്തവർ അതോർത്തു ദുഃഖിച്ചു ഒന്നുമെടുക്കാത്തവർ കൂടുതൽദുഃഖിച്ചു കഥ കഴിഞ്ഞു.ഇനി കഥയിലെ കാര്യം പറയാം.ആ കല്ലുകൾ പോലെയാണ് അറിവ്. വിദ്യാഭ്യാസ കാലത്ത് അറിവ് നടുന്നവർ പിന്നീട് സന്തോഷിക്കും വിജയിക്കും. വിദ്യാഭ്യാസകാലത്ത് അതിനു ശ്രമിക്കാത്തവർ പിന്നീടു ദുഃഖിക്കും.

(കടപ്പാട് ഡോ.അഡോൾഫ്സൺ)

# ജനിക്കാതെ പോയ ഒരു

# പെൺകുഞ്ഞിന്റെ കഥ

നിങ്ങൾക്കൊക്കെ അന്യമായ ഒരു സ്ഥലത്ത് നിന്നാണ് ഞാൻ ഇതെഴുതുന്നത്. ഇവിടെ ഞങ്ങൾ ഒരുപാടുപെരുണ്ട്. തീരാത്ത വേദനയുടെയും ഉണങ്ങാത്ത മുറിവിൻെയും ഒരു ലോകത്ത് നിന്നാണ് ഞങ്ങൾ ഇവിടെ എത്തിയത് . ഇവിടെ ഞങ്ങൾ എല്ലാവർക്കും ഒരെ മുഖമാണ് . എങ്ങനെ ഞങ്ങൾ ഇവിടെ എത്തിയെന്ന കഥയാണ് ഞാൻ എഴുത്തുന്നത്

വളരെയെറെ സന്തോഷത്തോടെയാണ് ഞാൻ അമ്മയുടെ ഉദരത്തിലെത്തിയത്ത് ഇത്രയതികം സുരക്ഷിതമായ മറ്റോരു സ്ഥലം ഉണ്ടാകില്ല. എന്നുപോലും തെന്നിപ്പോയി. ദൈവത്തിനാ ഞാൻ ഒത്തിരി നന്ദി പറഞ്ഞു. ആദ്യമോന്നും ഞാൻ വന്ന കാര്യം എൻെ അമ്മപോലും അറിഞ്ഞിരുന്നില്ല. ഒരു ദിവസം എല്ലാവരെയും ആശ്ചര്യപ്പെടുത്തികൊണ്ട് എൻെ ഉത്ഭവവിവരം പുറത്ത് വന്നു .

അന്നത്തെ സന്തോഷം കാണേണ്ടതായിരുന്നു. കുറച്ച് മാസങ്ങൾക്ക്

ശേഷം അമ്മയും , അച്ഛനും കൂടി സ്കാനിംങിന് ആശുപത്രിയിൽ

പോയി. അച്ഛൻ ഡോക്ടറോട്

ചോദിച്ചു ഞാൻ എന്തു വാവയാണെന്ന് . ..........  അപ്പോൾ

എനിക്ക് ദേഷ്യവും  സങ്കടവും ഒകെ വന്നു. ഞാൻ ആദ്യമായി

അമ്മയെ എന്റെ ഇളക്കത്തിലൂടെ എന്റെ പ്രതിഷേധമറിയിച്ചു. ഞാൻ

അനങ്ങിയപ്പോൾ അമ്മയുടെ സന്തോഷം കാണേണ്ടതു തന്നെ ..

# തളിർത്ത ഇലകൾ

സമയം രാവിലെ 9.30 ന് ഈശ്വരാ....എല്ലാ ഭാവി ഭിഷഗ്വരന്മം വെള്ള കോട്ടെടുത്തിട്ട് വാർഡിൽ ഹാജരായിട്ടുണ്ടാകും.വരും കാലം ലോകത്തിലെ വിജ്ഞാന വിസ്ഫോടനമാണുദേശം,പരമാവധി വിജ്ഞാനമാർജ്ജിക്കുക,അതിലുപരി അറ്റൻഡൻസു കാട്ടുക......

ഒൻപതു മണിക്ക് ക്ലാസുകഴിഞ്ഞ് ഒന്നു കണ്ണടച്ചതേയുള്ളൂ.....ശെടാ!!! എന്തെല്ലാം പ്ലാനായിരുന്നു.സാറിറങ്ങിയതിനു ശേഷം 2 മിനിറ്റു കണ്ണടക്കണം,ഒരു ചെറു മയക്കമാണുദ്ദേശം. ബ്രൂ ചേച്ചീടെ കടയിൽ നിന്ന് ഒരു കാപ്പി അകത്താക്കണം.എഴുതിത്തീരാത്ത റെക്കോർഡ്,അങ്ങനെ സാരല്ല്യാ......അറ്റൻഡൻസെങ്കിലും വേണം വേഗം വാർഡിൽ പോകാം. ബാഗിൽ നിന്നും ഒരു മാസത്തെ ചരിത്രമുറങ്ങുന്ന കോട്ട് വലിച്ചെടുത്തു.ഭാഗ്യം ഇതിന്റെ നിറം ഇപ്പോഴും വെള്ള തന്നെയാണ്.കഴിഞ്ഞ അവധിയ്ക്ക് സുൾഫത്തിന്റെ വാപ്പാടെ കടയിൽ നിന്ന് പത്തുകൂട്ടം അത്തറ് വാങ്ങിത്.....ഒരു കൗതുകം കൊണ്ടായിരുന്നു.ഇപ്പോഴാണത് ഒരനുഗ്രഹായി മാറീത്.

എന്തൊരു അതിക്രമമാണിത്?....! കോട്ടുവായുടെ അതിപ്രസരണം.കണ്ണിൽ നിന്നും വെള്ളം കുടു കുടാ ചാടുന്നു.കൺപോളയൊക്കെ അടഞ്ഞുപോകുന്നു.അനവസരത്തിൽ നിദ്രാ ദേവിയുടെ കടാക്ഷം.....!!! അല്ലെങ്കിൽ ഇന്ന് വാർഡിൽ പോണോ???

പോവണം......!!!

മുൻപെങ്ങുമില്ലാത്ത ഒരു ത്വര ഒരു ആകാംക്ഷ......! ഒരു പക്ഷേ ഓൽഗോളജി വാർഡിന്റെ കണ്ണീരിന്റെ കഥകൾ കേട്ടു മുഷിഞ്ഞ ചുവരുകളാവാം....അർബുദം മുറിച്ചെടുത്ത കാൽ തടവി വാ മക്കളെ ഞാനെന്താ പറഞ്ഞു തരേണ്ടേ?...എന്നു ചോദിച്ച മെലിഞ്ഞുഞങ്ങിയ മനുഷ്യനാവാം.....ഒരു സുപ്രഭാതത്തിൽ കിടന്നു പോയ ഭർത്താവിന്റെ കട്ടിലിനരികിൽ നിന്നും നട്ടെല്ലിനാ മോളേ എന്നു പറഞ്ഞു വിങ്ങിപ്പൊട്ടിയ അമ്മ ,ശരീരം വേദനിച്ചും മനസ്സു തളർന്നും കിടക്കുന്ന ഞങ്ങളെ വെറുതെ വിട്ടൂടെ.....!എന്ന

ഭാവത്തിൽ മുഖം തിരിച്ച കിടക്കുന്നവർ,വെള്ളക്കോട്ട കൊണ്ടും ആശുപത്രി മാലിന്യം സംസ്കാരതത്തിന്റെ രൂക്ഷ ഗന്ധംകൊണ്ട് നിറഞ്ഞ വാർഡ് ഐ വി സൊല്യൂഷന്റെ ഒഴിഞ്ഞ കുപ്പികൾ എല്ലാ മുഖങ്ങളിലും മാഞ്ഞു പോയ പ്രതീക്ഷയുടെ തേജസറ്റ ഭാവം പക്ഷേ അതിനപ്പുറം എന്റെ കണ്ണുകളുടക്കിയത് അയാളിലായിരുന്നു.

പ്രായത്തിനതീതമായ സംസാരവും പക്വതയും ചുറുചുറുക്കുമുള്ള ഒരു സുമുഖനായ ചെറുപ്പക്കാരനെ കണ്ടുമുട്ടുന്നത് രസകരം തന്നെ.പക്ഷ അത് കാൻസർ വാർഡിലെ രോഗികൾക്കിടയിലാകുമ്പോഴാണ് ജീവിതം സോഷ്യൽമീഡിയ സ്റ്റാറ്റസിനും കമന്റിനും അതീതവും ഹാഷ്ടാഗ് കൊണ്ട് നിർവ്വചിക്കാൻ കഴിയാത്ത ആദ്യവും അന്ത്യവുമറിയാത്ത ക്ഷണികമായൊന്നായി മാറുന്നത്.

ഡോക്ടർമാരോട്ട കാര്യങ്ങൾ പറഞ്ഞു കൊടുക്കുന്ന പോലെ മെഡിക്കൽ വിദ്യാർത്ഥികളോട് എല്ലാ രോഗികളും കേസ് ഷീറ്റെഴുതാൻ സഹകരിക്കാറില്ല.പക്ഷെ ചില രോഗികൾക്ക്  അതാണിഷ്ടം.എന്തു പറ്റി എന്നു ചോദിക്കുമ്പോൾ ബസ്സ് പിടിച്ച് വന്നതു മുതൽ വീട്ടിലെ അമ്മായിയമ്മ മരുമകൾ പോര് വരെ വിവരിക്കുന്ന അമ്മമാരെ കണ്ടിട്ടുണ്ട്. സമയനഷ്ടവും കേസെടുത്ത് കഴിയാത്തതിനാൽ സാറിന്റെ ശകാരവർഷം ഏറ്റു വാങ്ങ്ഹേണ്ടി വന്നാലും അവരുടെ വിഷമങ്ങളറിഞ്ഞ് അതിനൊരു ആശ്വാസവാക്കു കൊടുക്കുമ്പോൾ കിട്ടുന്ന തൃപ്തി വേറെയാണ്.

മുകളിൽ പറഞ്ഞ സഹകരിക്കുന്ന രോഗികളുടെ കൂട്ടത്തിലാണ് അയാളും എന്ന് തോന്നിയതു കൊണ്ടാണ് കേസെടുത്താലോ എന്ന് ചിന്തിച്ചത്. ഞാൻ കേസ് ഷീറ്റെടുത്തു. എല്ലിലാണ്. സ്റ്റേജ് 4.

തന്റെ ക്ഷീണിച്ച ശരീരത്തോട് പുസ്തകം ചേർത്ത് എന്തോ എഴുതുകയാണ്. എന്റെ മുരടനക്കത്തിൽ അയാൾ തലയുയർത്തുമെന്ന് കരുതി.എന്നാൽ അതുണ്ടായില്ല.

പുസ്തകത്തിൽ നിന്നും കണ്ണെടുക്കാതെ അയാൾ ചോദിച്ചു.സ്റ്റുഡന്റാണോ? എന്നോടാണോ ഈ ചോദിക്കുന്നത്?എനിക്കു പുറകിലായി ആരുമില്ല.

അതേ......

ഇയാൾ എന്താണീ എഴുതുന്നത് എഴുതുകയല്ല.......!!!!വരയാണ്.എനിക്കൊരു കുഴപ്പവുമില്ലടോ.അതിനൊരു കുഴപ്പമുണ്ടെന്ന് ഞാൻ പറഞ്ഞില്ലല്ലോ.

അയാൾ വര നിർത്തി തലയുയർത്തി എന്നിട്ട് ചെറുതായി ചിരിച്ചു.

ഇയാൾക്ക് എന്താണ് അറിയേണ്ടത്?

ഈശ്വരാ....!!!!! രോഗമില്ലെന്ന് പറയുന്ന ആളോട് ഞാനെങ്ങനെ രോഗവിവരം തിരക്കും?

അത് എനിക്ക് എനിക്ക് നിങ്ങളെന്താ വരയ്ക്കുന്നതെന്നറിഞ്ഞാൽ കൊള്ളാമെന്നുണ്ട്.

ഛെ!!ഞാനെന്താണ് ചോജിച്ചത്. ഞാനത് തിരുത്തി ചോദ്യം തൊടുക്കുന്നതിനു മുൻപേ അയാൾ എനിക്ക് ആ പുസ്തകം തുറന്നു കാട്ടി. രാജാരവിവർമ്മ നിലവാരത്തിലേക്ക് ഉയർത്തില്ലെങ്കിലും .....കൊള്ളാമായിരുന്നു.

അതിലൊരു മുഖമായിരുന്നു.ഒരു അപൂർണ്ണമായ മുഖം....ആ മുഖത്തെ മറച്ചു കൊണ്ട് ഇലകളൊന്നുമില്ലാത്ത വേനലിനെ ഓർമ്മപ്പെടുത്തുന്ന ഒരു പടുവൃക്ഷം അതിന്റെ ശിഖരങ്ങൾക്കിടയിലൂടെ തീക്ഷ്ണമായ വലത്തെ കണ്ണു കാണാമായിരുന്നു.

ഇതാരുടെ മുഖമാണ്!!! ആണിന്റെയോ പെണ്ണിന്റെയോ? അത് .....അത് ജീവിതമാണ് അപ്പോൾ വൃക്ഷമോ???

അത് പ്രതീക്ഷയാണ് കൊള്ളാലോ  ആൾ അയാളോട് സംസാരിച്ച് സമയം പോയതറിഞ്ഞില്ല.സാഹിത്യവും വാംസ്കാരികവും എന്തിന് രാഷ്ട്രീയം വരെ സംസാരത്തിലേക്ക് കടന്നു വന്നു.പത്രവായനയുടെ അപര്യാപ്തത ഒരു വല്ലാത്ത പോരായ്മയാണെനിക്ക്.അടുത്ത ന്യൂയർ റെസ്വല്യൂഷനിൽ പത്രവായനയും ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു. ഇടക്കിടെ അയാൾ തമാശകൾ പറഞ്ഞ് സ്വയം പൊട്ടിച്ചിരിച്ചു.അത് വാർഡ് മൊത്തം മുഴങ്ങി,മറ്റു രോഗികൾ അരോചകത്തോടെ നോക്കുന്നുണ്ടെങ്കിലും അയാൾ അത് കാര്യമാക്കുന്നുണ്ടായിരുന്നില്ല. മുളച്ചു പൊങ്ങിയ ചെറു മീശരോമത്തിലൂടെ കിനിയുന്ന വിയർപ്പു തുള്ളികളെ തുടച്ച് ഇടക്ക് ദീർഘമായി നിശ്വസിക്കുന്നുണ്ടായിരുന്നു.

കേസെടുത്ത് ഇറങ്ങാൻ  നേരം അയാളുടെ വലിയ കണ്ണുകൾ ഒന്നുകൂടി വിടർത്തി. സാധാരണ പെണ്ണുങ്ങൾക്കാണല്ലോ!!!ഇത്ര ഭംഗിയുള്ള കണ്ണുകൾ കണ്ടിട്ടുള്ളത്!!!

അല്ല, എന്റെ വരയെപ്പറ്റി ഒന്നും പറഞ്ഞില്ല. കുറ്റവും കുറവും പറഞ്ഞാൽ അടുത്ത തവണ നനന്നാക്കാമായിരുന്നു.

അത് ഈ .....ഈ മരത്തിൽ കുറച്ച് ഇലകൾ കൂടി കൊടുക്കാമായിരുന്നു.

ആലോചിച്ച് നിന്നതറിഞ്ഞില്ല. ഇന്നും അയാളോട് സംസാരിക്കണം.ആശയ ദാരിദ്ര്യം ഉണ്ടാകാൻ സാദ്ധ്യതയില്ല. രാഷ്ട്രീയം സംസാരിക്കണം.കാരണം പൊതു വിജ്ഞാനത്തിന്റെ അപര്യാപ്തത മാറ്റാൻ ഏഷ്യാനെറ്റ് ന്യൂസിന്റെ ആപ് ഡൗൺ ലോഡ് ചെയ്ത് ഫെയ്സ്ബുക്കിൽ ന്യൂസ് പേജിലേക്കെത്തിട്ടുണ്ട്.

അല്ല ആളിതെവിടെപ്പോയ്??? ഡ്രോയിങ്ങ് ബുക്ക് കട്ടില്ലുണ്ട്.ഡിസ്ച്ചാർജ്ജാകാൻ സാദ്ധ്യതയില്ല. സിസ്റ്ററെ ആ 12-)ം ബെഡിലെ പേഷ്യന്റെവിടെ ? ടോയ്ലെറ്റിൽ പോയോ?

കഷ്ടായിരുന്നു മോളേ അതിന്റെ വിധി.....ഇത്ര വേദന തിന്നിട്ടായിരിക്കും എന്ന് വിചാരിച്ചില്ല....ഡോക്ടറെ വിളിച്ചിരുന്നു.എത്തിയിട്ടും കാര്യമില്ല.....സ്റ്റേജ് 4 അല്ലേ.....ചെറുപ്പമായിരുന്നു....ഉം.....വിധി......അല്ലാതെന്താ.....?

കണംങ്കാലിൽ ഒരു തരിപ്പരിച്ചു കയറി കേട്ടത് ഓഡിറ്ററി ഫാലൂസിനേഷൽ മാത്രമാകണേ.... നോ...ഇത് it is true. അർബുതത്തിന് കാർന്നെടുക്കാൻ പറ്റാത്ത അയാളുടെ ചിരി കാതിൽ മുഴങ്ങിക്കൊണ്ടിരുന്നു. ഞാൻ അനൈശ്ചികമായി പുസ്തകത്താളുകൾ മറിച്ചു കൊണ്ടിരുന്നു.

അവസാനത്തെ പേജ് !!! അതേ ചിത്രം....!!!അതേ തീക്ഷ്ണമായ കണ്ണുകൾ!!! പക്ഷേ ??? ഒരു വ്യത്യാസം ആ വൃക്ഷ ശിഖരങ്ങളിലെല്ലാം ഇലകളുണ്ടായിരുന്നു.

നല്ല തളിർത്ത ഇലകൾ .....

# പകൽ പാടാത്ത പൈങ്കിളി

പണ്ട് കാട്ടിൽ ഒരു പൈങ്കിളി ആടിപ്പാടി ഉല്ലസിച്ച് കഴിഞ്ഞിരുന്നു.ഒരു ദിവസം ഒരു പക്ഷി പിടുത്തക്കാരൻ കിളിയെപ്പിടിക്കാൻ വലവിരിച്ചു. പൈങ്കിളി വലയിൽ വീണു.പക്ഷി പിടുത്തക്കാരൻ കിളിയെ ചന്തയിൽ കൊലണ്ടുപോയി വിറ്റു.കിളിയെ വാങ്ങിയയാൾ അതിനെ ഒരു കൂട്ടിലാക്കി തന്റെ വീടിന്റെ വരാന്തയിൽ തൂക്കിയിട്ടു. പാട്ടു പാടിയതു കൊണ്ടല്ലേ താൻ പിടിക്കപ്പെട്ടത്.അതുകൊണ്ട് ഇനി ഞാമ് പാട്ടു പാടില്ല എന്നു നിശ്ചയിച്ചു.

കുറെ നാൾ കഴിഞ്ഞപ്പോൾ ആ കിളി പാടാൻ തുടങ്ങി.എങ്കിലും അത് പകൽ ഒരിക്കലും പാടിയില്ല.രാത്രി കിളിയുടെ പാട്ട് കേട്ട് ഒരു വവ്വാൽകൂടിനടുത്ത് വന്നു. അത് കിളിയോട് ചോദിച്ചു,പൈങ്കിളി നീ എന്തിനാണ് രാത്രി  മാത്രം പാടുന്നത്? നിനക്ക് പകലും പാടിക്കൂടെ? പൈങ്കകിളി മറുപടി പറഞ്ഞു,പകൽ പാടിയതു കൊണ്ടാണ് എനിക്ക് ഇങ്ങനെ ഈ കൂട്ടിൽ കിടക്കേണ്ടി വന്നത്. ഇതു കേട്ടപ്പോൾ വവ്വാൽ പറഞ്ഞു.ചങ്ങാതി നീ ഇപ്പോൾ കൂട്ടിലാണ് കിടക്കുന്നത്.കാട്ടിലായിരുന്നപ്പോൾ നീ പകൽ പാടാതെ രാത്രി മാത്രം പാടിയിരുന്നെങ്കിൽ നിന്നെ ആരും കണ്ടെത്തുമായിരുന്നില്ല. പക്ഷേ ഇപ്പോൾ നീ രാത്രി പാടുകയും പകൽ പാടാതിരിക്കുകയും ചെയ്തിട്ട് എന്ത് പ്രയോജനം? പൈങ്കിളിക്ക് വവ്വാലിന്റെ ചോദ്യത്തിൽ കാര്യമുണ്ടെന്നു മനസ്സിലായി.കൂട്ടിൽ അകപ്പെട്ടിരിക്കുന്ന താൻ പിടിക്കപ്പെടാതിരിക്കാനുള്ളമുൻകരുതലുകൾ എടുത്തിട്ടെന്തു കാര്യം. പൈങ്കിളിക്ക് തന്റെ വിഢ്ഢിത്തം മനസ്സിലായി.



# മാതൃത്വത്തിന്റെ മഹത്വം

അമ്മയുടേയും മകന്റേയും ദൃഢസ്നേഹം പറഞ്ഞറിയിക്കാനാവാത്തതാണ്. മക്കളെ ജീവനുതുല്യം സ്നേഹിച്ച്, അവർക്കുവേണ്ടി ജീവതത്തിന്റെ മുക്കാൽഭാഗം ചിലവഴിച്ച്, അവസാനം വൃദ്ധസദനതേതിന്റെ വാതിൽക്കൽ വരെയെത്തുന്ന മക്കളുടെ സ്നേഹം ഇന്ന് പരിചിതമാണ്. അമ്മയുടേയും മകന്റേയും ഹൃദയബന്ധത്തിന്റെ കഥയാണിത്.

മാധവി എന്ന അമ്മയ്ക്ക് മനു എന്ന ഒറ്റ മകനായിരുന്നു. സ്വന്തമെന്നും, ബന്ധമെന്നും പറയാൻ ഈ ഭൂമിയിൽ ആകെ ഉണ്ടായിരുന്ന കൂട്ട്. മകന്റെ മൂന്നാം വയസ്സിലാണ് അച്ഛന്റെ മരണം. അമ്മ വളരെ കഷ്ടപ്പെട്ടാണ് മകനെ വളർത്തിയത്. മകനെ പഠിപ്പിക്കണം, ഒരു ഉദ്യോഗം വാങ്ങികൊടുക്കണം, വിവാംഹം എന്നിവ മാത്രമായിരുന്നു ആ അമ്മയുടെ ആഗ്രഹം. ദൈവത്തിനു മുന്നിൽ വിളക്കു വെച്ചു പ്രാർത്ഥിക്കുമ്പോൾ ഉരുകുന്നത് ആ തിരിയായിരുന്നില്ല, ആ ഹൃദയം തന്നെയായിരുന്നു. അങ്ങനെ അവന്റെ പരിശ്രമങ്ങൾ വിജയം കണ്ടു.അവന് ഒരു സർക്കാർ ഉദ്യോഗം കിട്ടി. എത്രയോ നാളായി ആ അമ്മയുടെ പ്രാർത്ഥനകൾക്കൊടുവിൽ ആ അമ്മയുടെ ആഗ്രഹം പൂർത്തിയായി. സ്ഥാനമാനങ്ങളും, ഉദ്യോഗകയറ്റങ്ങളും ആയപ്പോൾ അവന് തന്നെത്തന്നെ നിയന്ത്രിക്കാനായില്ല. മദ്യപാനവും ,പുകവലിയും ആദ്യമൊക്കെയൊരു രസത്തിനായി തുടങ്ങി, കുപ്പികളുടേയും, സിഗറിറ്റിന്റേയും എണ്ണങ്ങൾ ക്രമാദീതമായി വർധിച്ചു. വിവാഹത്തോടെ അവന്റെ പ്രശ്നങ്ങൾ മാറുമെന്നു കരുതി അവനെ വിവാഹം കഴിപ്പിച്ചു. നല്ല പെൺകുട്ടിയായിരുന്നു

അവൾ. ആദ്യമാദ്യം അവനിൽ മാറ്റങ്ങൾ കണ്ടിരുന്നുവെങ്കിലും അവന്റെ ഭാര്യയുമായുള്ള പ്രശ്നങ്ങൾ അവനെ വീണ്ടും ആ വഴിയിലൂടെ നടത്തിച്ചു. കുറച്ചു നാൾ കഴിഞ്ഞപ്പോൾ അവന് കുറെ സുഹൃത്തുക്കളെ കിട്ടി. അവന്റെ സ്ഥാനമാനങ്ങളും സമ്പാദ്യങ്ങളും കുറഞ്ഞു വരുന്നത് കണ്ട ഏതേ സുഹൃത്തുക്കൾ അവനെ വിട്ടു പിരിഞ്ഞു. ഭാര്യയുടെ വസ്ത്രങ്ങൾക്കും ശരീരത്തിനും ഭംഗി നഷ്ടമായി.അവളുടെ മുഖത്തിന്റെ ഐശ്വര്യം മങ്ങി കവിളുകളുടെ തുടിപ്പു പോയി. ഭർത്താവിന്റെ പ്രവർത്തികൾ സഹിക്കാനാകാതെ അവൾ സ്വന്തം വീട്ടിലേക്ക് തിരിച്ചു പോയി. പക്ഷെ അതിലൊന്നുമൊരു വിഷമമുണ്ടായില്ല. ഒരിക്കൽ അയാൾ ചോര ഛർദിച്ച് ബോധരഹിതനായി വീണു. ചുറ്റും കൂടിയവർ അയാളെ ആശുപത്രിയിലെത്തിച്ചു. ഇതറിഞ്ഞപ്പോൾ അമ്മ ആശുപത്രിയിലേക്കു ഓടിയെത്തി. അപ്പോഴാണ് ആ ഞെട്ടിക്കുന്ന രഹസ്യം ആ അമ്മ അറിയുന്നത്. തന്റെ മകന്റെ കരൾ രോഗബാധിതയാണെന്നറിഞ്ഞത്. ആ അമ്മ പകച്ചു പോയി. പിന്നെ മകനു വേണ്ടിയുള്ള പ്രാർത്ഥനയായി. അവസാനം അവന് അനുയോജ്യമായ കരൾ കിട്ടി. അവന്റെ സർജറി നടത്തി അവസാനം തനിക്കു കിട്ടിയ കരളാരുടെയാണെന്നറിയണമെന്ന ആഗ്രഹം ഡോക്ടറുടെ അടുത്ത് ചോദിക്കാൻ അവനെ പ്രേരിപ്പിച്ചു അവസാനം ഒരു ഒറ്റ മുറിയിലേക്ക് അയാളെ ഡോക്ടർ കൂട്ടിക്കൊണ്ട് പോയി ആ ഇരുട്ടുനിറഞ്ഞ മുറിയിലെ ഒരു മൂക്കിൽ ഒരി വീൽചെയറിലിരിക്കുന്ന ആ സ്ത്രീയെ അവൻ കണ്ടു അവൾക്ക് തന്റെ അമ്മയുടെ മുഖമുള്ളതായി അവന് തോന്നി തന്റെ കരൾ തനിക്കുവേണ്ടി ജീവിച്ച തനിക്കുവേണ്ടി ഇപ്പോഴും ജീവിക്കുന്ന അമ്മയുടേതാണെന്നറിഞ്ഞപ്പോൾ അവന് ദുഖം തോന്നി.............................

# വിജ്ഞാനത്തിന്റെ മണിമുറ്റം

B V M H S S എന്ന വിദ്യാലയം ഞാൻ പഠിച്ചിരുന്ന കാലം മുതൽ ഇന്നുവരെ സ്നേഹപൂർവ്വം മാത്രം ഓർക്കാനേ എനിക്ക് കഴിയുന്നുള്ളൂ. അത്രയ്ക്ക് ആത്മബന്ധമുണ്ട്. ബിഷപ്പ് വാഴപ്പിള്ളി മെമ്മോറിയൽ ഹൈസ്കൂൾ എന്ന ബി വി എം എച്ച് എസ് എസി നോട്, അവിടത്തെ അധ്യാപകരോട്,ഒപ്പം പഠിച്ച സഹപാഠികളോട്, അവിടെ വിവിധ മേഖലകളിലായി ജോലികൾ കൈകാര്യം ചെയ്തിരുന്നവരോട്.




പേരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ സാധിച്ചതിൽ ഈ സ്കൂളിന് അഭേദ്യമായ ബന്ധമുണ്ട്. മുന്നോട്ടുള്ള ഉയർച്ചയിലേക്ക് എന്തു കാര്യത്തിനായാലും അടിത്തറ അത്യാവശ്യം. ഒരു മരത്തിന് അതിന്റെ വേരുകൾക്ക് ഉറപ്പുണ്ടെങ്കിലല്ലേ അ മരത്തിന് വീഴാതെ നിൽക്കാൻ സാധിക്കൂ. നാം ഓരോരുത്തരും ഒരു മരം പോലെയാണ്. വിത്തുകൾ മുളച്ച് തൈ ആയി,വൃക്ഷമായി അങ്ങനെ പോകുന്നു. പല ഘട്ടങ്ങളിലൂടെ അതിന്റെ വളർച്ച കടന്നുപോകുന്നു.അങ്ങനെ തന്നെയാണ് മനുഷ്യൻമാർ ഓരോരുത്തരും. വിത്തു മുളച്ചുവരുന്ന ഒരു സസ്യത്തെ നട്ടുനനച്ചും വളംനൽകിയായൽ മാത്രമേ അത് വേരുറപ്പുള്ള ഒരു മരമായിത്തീരൂ.അതുപോലെ നാം ഓരോരുത്തരും........ഞങ്ങൾക്കു മുമ്പേ പോയവർക്കും പിന്നാലെ വരുന്ന തലമുറയ്ക്കും ജീവിതയാത്രയിൽ കിട്ടിയ നീരുറവയായിരുന്നു ഈ വിജ്ഞാനത്തിൻ നിറദീപമായി ഇന്നും നിലകൊള്ളുന്ന ഈ സ്കൂളും അങ്കണവും.

മാതാ പിതാ ഗുരു ദൈവം എന്ന വാക്കിന് പറഞ്ഞറിയിക്കാൻ പറ്റാത്ത അത്ര മൂല്യമുണ്ട്. നമ്മുടെ എല്ലാം അടിവേരുകൾ തായ് വേരുകളായി എന്നും ഈ വിജ്ഞാന കേന്ദ്രം നിലകൊള്ളുന്നു. ഓരോ കാലഘട്ടത്തിനനുസരിച്ച് അധ്യാപകർ കുട്ടികൾ തമ്മിലുള്ള വ്യത്യാസം,സഹപാഠികൾ തമ്മിലുള്ള പെരുമാറ്റത്തിൽ വ്യത്യാസം വന്നുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ കാലഘട്ടത്തിൽ പേടിയും ദേഷ്യവും തോന്നുമായിരിക്കും. എങ്കിലും ഉള്ളിന്റെ ഉള്ളിൽ അവരോടൊന്നും സ്നേഹവും ആദരവും നിറഞ്ഞുനിന്നിരുന്നു. ഇന്നത്തെ അധ്യാപകർ സ്നേഹിതരെപ്പോലെ കരുതിയാലും ബഹുമാനക്കുറവ് വേണ്ടുവോളം. ആൺകുട്ടികൾ,പെൺ കുട്ടികൾ എന്നുള്ള ഉയർച്ച താഴ്ച കാണിക്കുന്നില്ല.എങ്കിലും ആത്മാർത്ഥതയെല്ലാം നഷ്ടപ്പെട്ടിരിക്കുന്നതുപോലെ ചിലപ്പോൾ എന്റെ കാഴ്ചപ്പാടുകളാവാം ഇതെല്ലാം. ആരെയും കുറ്റപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

91-92 കാലഘട്ടത്തിലായിരുന്നു ഞാൻ ഈ വിദ്യാലയത്തിൽ നിന്നും വിട പറഞ്ഞത്. നീണ്ട ഇടവേളക്ക് വിരാമം ഇട്ടുകൊണ്ട് 25 വർഷങ്ങൾക്കുശേഷം 2017 മെയ് 7-)ം തിയ്യതി ഞങ്ങൾ 91-92 ബാച്ച് ഒത്തുകൂടി. എല്ലാവരും കളിയും ചിരിയും കലാപരിപാടികൾ നിറച്ചും സൗഹൃദം പങ്കുവച്ചു. സൗഹൃദങ്ങളുടെ ആഴം കൂടിയിട്ടേയുള്ളൂ എന്ന്മനസ്സിലായി ആ ഒത്തുകൂടലിലൂടെ. ഇനിയൊരിക്കലും ഈ സൗഹൃദങ്ങൾ ഇടമുറിയില്ല എന്നും ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു.

ഈ കഴിഞ്ഞ ഫെബ്രുവരി 11-)0 തിയ്യതിയായിരുന്നു യു.ജെ ജോസ് മാഷിന്റേയും റോസിലി ടീച്ചറുടേയും 50-)0 വിവാഹ വാർഷികം. ആ ദിനത്തിൽ മാഷിനേയും ടീച്ചറേയും കാണുവാനും അവർക്ക് ആശംസകൾ അറിയിക്കാനും മാഷിന്റേയും വീട്ടുകാരുടേയും സ്നേഹവാത്സല്യങ്ങൾ അടുത്തറിയുവാനുള്ള അവസരം ലഭിച്ചു.പൈസ കൊടുത്താൽ പോലും കിട്ടുമോ ഈ സൗഭാഗ്യങ്ങൾ.ഇല്ല ഒരിക്കലുമില്ല. ഇതെല്ലാം സ്നേഹം തൊട്ടറിഞ്ഞ നിമിഷങ്ങൾ.

ഇപ്പോൾ നടക്കുന്ന എല്ലാ വിശേഷങ്ങളും അറിയുവാൻ സാധിക്കുന്നതും ആത്മാർത്ഥ കൂട്ടുകെട്ടിന്റെ നിറകുടമായി നിറഞ്ഞു നിൽക്കുന്ന 91-92 ബാച്ച് നെറ്റ് കൂട്ടായ്മയിലൂടെയാണ്. കൂട്ടുകാർ പരസ്പരം ആത്മാർത്ഥ കൂട്ടുകെട്ടിന്റെ സ്നേഹ പാലാഴി തീർക്കുകയാണ്.ആ പാലാഴിയിൽ കടഞ്ഞ് കിട്ടുന്ന അമൃതാണ് ആത്മാർത്ഥതയോടെയുള്ള സ്നേഹം.ഇതിനെല്ലാം മുഖ്യബിന്ദുവായി നിലകൊള്ളുന്നതോ.ഈ സ്കൂൾ മുറ്റവും ഗ്രൗണ്ടും അധ്യാപകരവും.നാം എല്ലാവരും അഭിമാനപൂർവ്വം ഓർക്കുന്ന ബി വി എം എച്ച് എസ് എസ് എന്ന വിദ്യാലയത്തിന്റെ 75-)0 വാർഷികാഘോഷത്തിന്റെ ഭാഗമായി പുറത്തിറക്കുന്ന സോവനീറിലേക്ക് രണ്ടു വാക്കുകൾ എഴുതുവാൻ സാധിച്ചതിൽ എന്റെ മാതാ പിതാ ഗുരു ദൈവങ്ങൾക്ക് സ്നേഹപൂർവ്വം നന്ദി പറഞ്ഞുകൊണ്ട് അവരെ മനസ്സിൽ നമിച്ചുകൊണ്ട്നിർത്തട്ടെ എന്റെ വാക്കുകൾ.

എന്ന്

വിധു സുനിൽ

# വൃദ്ധയായ അമ്മായിത്തള്ള

നമ്മുടെ അമ്മായിത്തള്ള പുറത്ത് ഒരു സഞ്ചിയും കക്ഷത്തിൽ ചുരുട്ടിയ കീറപ്പായയും കയ്യിലെ വടിയും കുത്തിപ്പിടിച്ച് കൂനിന്മേൽ കൂനായി കുനിഞ്ഞ് കുനിഞ്ഞ് വിറച്ച് വിറച്ച് വരുന്നിതാ നമ്മുടെ അമ്മായിത്തള്ള....




വഴിയോരത്ത് ആരെ കണ്ടാലും പല്ലില്ലാ മോണയും കാണിച്ച് ചിരിച്ച് ചിരിച്ച് നമ്മുടെ നേരെ ആ ചുക്കിച്ചുളിഞ്ഞ കൈകൾ കാണിക്കും ഒരു ചക്രത്തിനായ്.ആരെങ്കിലും ഒരു ചക്രം കൊടുത്താൽ പിന്നെ നമ്മുടെ നേരെ കൈകൾ കൂപ്പും നന്ദി പറയാൻ.വീടായവീടെല്ലാം കയറിയിറങ്ങി സന്ധ്യയായാൽ തലചായ്ക്കാനൊരിടം തേടുന്ന നമ്മുടെ അമ്മായിത്തള്ള. വല്ലപ്പോഴുമെല്ലാം തലചായ്ക്കാൻ കടത്തിണ്ണയിൽ കിടക്കും. ഇടിമിന്നി പെരുമഴ പെയ്യുമ്പോൾ പ്രാവിനെപ്പോലെ വിറച്ചും തേരട്ടയെപ്പോലെ ചുരുണ്ടുകിടക്കുന്നതാണ് നമ്മുടെ അമ്മായിത്തള്ള. രാപകലില്ലാതെ ഒരായിരം ദൈവത്തെ ഒന്ന് ഉരുവിട്ടിട്ട് ഉന്തിയും തള്ളിയുമാണ് അമ്മായിത്തള്ള ജീവ്ിക്കുന്നത്. കാലങ്ങളെല്ലാം ചിത്രങ്ങളായി മറഞ്ഞ് പോയപ്പോൾ സ്വന്തമായുള്ളവരേയും അമ്മായിക്ക് അന്യരായി തോന്നി.

സ്വപ്നങ്ങളൊന്നും വിടരാതെ കൊഴിഞ്ഞ് പോയ മുഖത്ത് കാലാന്തരത്തിൽ പാട്ടുകൾ രചിച്ചു.മുന്നോട്ടു നോക്കിയാൽ അമ്മായിത്തള്ളക്ക് ഇരുട്ടല്ലാതെ മറ്റൊന്നുമില്ല. ഇന്നിതാ

വഴിയിൽ പെട്ടെന്ന് ഒരു വണ്ടിയിടിച്ച് ചിന്നിച്ചിതറി മാറാപ്പും വടിയും കീറപ്പായയുമായി ചോരയിൽ മുങ്ങി പെരുവഴിയിൽ കിടക്കുന്നു നമ്മുടെ അമ്മായിത്തള്ള. ഇതിൽ ചിലരെങ്കിലും ഇതുപോലെയായിരിക്കും ജീവിക്കുക. മക്കൾ ഉപേക്ഷിച്ച് ആരോരുമില്ലാതെ എത്രയോ പേർ അലയുന്നു. നമുക്ക് നമ്മുടെ അമ്മയെ സംരക്ഷിക്കാം. ദൈവത്തിന്റെ വേറെ മുഖമാണ് അമ്മ. അമ്മയെ വേദനിപ്പിച്ചാൽ നാം എന്ത് പ്രായശ്ചിത്തം ചെയ്തിട്ടും കാര്യമില്ല. അമ്മയെ നമുക്ക് സംരക്ഷിക്കാം.

# ശാസ്ത്രങ്ങളുടെ രാജ്ഞി



അറിയുക എന്നർത്ഥമുള്ള സയർ എന്ന ലാറ്റിന് വാക്കിൽ നിന്നാണ് സയൻസ് എന്ന വാക്ക് ഉണ്ടായത്.അറിയാനുള്ള മനുഷ്യൻെറ ത്വരയാണ ഇന്നു കാണുന്ന നൂറുകണക്കിന് വിജ്ഞാനശാഖകൾക്ക് പിന്നിലുള്ള പ്രേരക ശക്തി. പ്രത്യക്ഷത്തിൽ പരസ്പരം ബന്ധം തോന്നാത്ത ശാസ്ത്രശാഖകളെ തമ്മിൽ പോലും ബന്ധിപ്പിക്കുന്ന എല്ലാ ശാസ്ത്രശാഖകൾക്കും ഒരു പോലെ ആവശ്യമുള്ള വിജ്ഞാന ശേഖരമാണ് ഗണിതം ഉൾക്കൊള്ളുന്നത്. അതുക്കൊണ്ടു തന്നെയാണ് ഗണിതത്തെ ശാസ്ത്രങ്ങളുടെ രാജ്ഞി എന്ന വിശേഷിപ്പിക്കുന്നത്. ശാസ്ത്രകാരന്മാർക്ക് ഭാഷയുടെ അതിർ വരമ്പുകളെഭേദിച്ച് ആശയങ്ങൾ പങ്കുവയ്ക്കുന്നതിന് സഹായിച്ച വിജ്ഞാന വിസ്ഫോടനത്തിന് തിരിക്കൊളുത്തിയത് ഗണിതശാസ്ത്രമാണ്. ഇന്ന് നാം ഉപയോഗിക്കുന്ന എല്ലാ ആധുനിക സാങ്കേതിക വിദ്യയുടെയും പിന്നിലുള്ളത് ഗണിതമാണ്.